"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ സജീവമാക്കൽ - ജില്ലാതല നിയന്ത്രണ സമിതി യോഗങ്ങൾ കൃത്യമായും കൂടുന്നതിനുള്ള നിർദ്ദേശം നൽകിയും ടി സമിതിയുടെ കൺവീനർമാരായി ഡിവിഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തിയും, ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.171/2025/F&WLD തീയതി,തിരുവനന്തപുരം, 26-04-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം. 4/2024/DMD, തീയതി 07.03.2024
2. സ.ഉ.(കൈ) നം. 12/2024/വനം തീയതി 07.03.2024
3. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന 27.02.2025-ലെ യോഗം
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 20.03.2025-ലെ KFDHQ/2871/2025-CWW/WL6 നമ്പർ കത്ത്

**ഉത്തരവ്**

മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിനായുള്ള നടപടികളിന്മേൽ മേൽ നോട്ടം വഹിക്കുന്നതിനായി പരാമർശം 2 പ്രകാരം വിവിധ വകുപ്പുകളിലെ ജില്ലാ തല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലയുടെ ചുമതലയുള്ള ബഹു. മന്ത്രിമാരുടെ അധ്യക്ഷതയിൽ ജില്ലാതല നിയന്ത്രണ സമിതികൾ രൂപീകരിച്ചിരുന്നു. പ്രസ്തുത ജില്ലാ തല സമിതിയുടെ യോഗം എല്ലാ മാസവും വിളിച്ചുചേർത്ത്, സമിതികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി, മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തണമെന്നും പരാമർശം 3 പ്രകാരമുള്ള യോഗത്തിൽ തീരുമാനമായിരുന്നു.

2. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള, ജില്ലാതല നിയന്ത്രണ സമിതി യോഗങ്ങൾ ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റി ചേരുന്ന തീയതിയിൽ തന്നെ ചേരുന്നത് അനുയോജ്യമായിരിക്കുമെന്നും പ്രസ്തുത സമിതി യോഗങ്ങൾ സുഗമമായി ചേരുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും യോഗത്തിനായി അജണ്ട തയ്യാറാക്കുന്നതിനും മറ്റ് ക്രമീകരണങ്ങൾക്കുമായി പ്രസ്തുത സമിതിയുടെ കൺവീനറെ നിയോഗിക്കണമെന്നും പരാമർശം-4 പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ ശുപാർശ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിനായുള്ള നടപടികളിന്മേൽ മേൽ നോട്ടം വഹിക്കുന്നതിനായി പരാമർശം 2 പ്രകാരം രൂപീകൃതമായ വിവിധ ജില്ലാതല നിയന്ത്രണ സമിതിയുടെ യോഗം സുഗമമായി ചേരുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും, സമിതി യോഗത്തിനായി അജണ്ട തയ്യാറാക്കുന്നതിനും മറ്റ് ക്രമീകരണങ്ങൾക്കും നടപടികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനു മായി ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ കൺവീനർമാരായി ചുമതലപ്പെടുത്തി സർക്കാർ ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ജില്ലാതല നിയന്ത്രണ സമിതിയുടെ കൺവീനറായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ |
|---|---|---|
| 1 | തിരുവനന്തപുരം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം |
| 2 | കൊല്ലം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തെന്മല |
| 3 | പത്തനംതിട്ട | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി |
| 4 | ആലപ്പുഴ | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി |
| 5 | കോട്ടയം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം |
| 6 | ഇടുക്കി | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്നാർ |
| 7 | എറണാകുളം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ |
| 8 | തൃശൂർ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശൂർ |
| 9 | പാലക്കാട് | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പാലക്കാട് |
| 10 | മലപ്പുറം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ നോർത്ത് |
| 11 | കോഴിക്കോട് | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട് |
| 12 | വയനാട് | വൈൽഡ്‌ലൈഫ് വാർഡൻ, വയനാട് |
| | | |

| | | |
|---|---|---|
| 13 | കണ്ണൂർ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ |
| 14 | കാസറഗോഡ് | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കാസറഗോഡ് |

4. ജില്ലാ തല നിയന്ത്രണ സമിതി യോഗങ്ങൾ എല്ലാ മാസവും ചേരേണ്ടതും, അപ്രകാരം കൃത്യമായി യോഗങ്ങൾ ചേരുന്നുണ്ടെന്നത് അതത് ജില്ലാ കളക്ടർമാർ ഉറപ്പു വരുത്തേണ്ടതുമാണ്.

5. പ്രസ്തുത സമിതി യോഗങ്ങളിൽ ബന്ധപ്പെട്ട മേഖലയിലെ പാർലമെന്റ് അംഗങ്ങളെയും നിയമസഭാ അംഗങ്ങളെയും പ്രത്യേക ക്ഷണിതാക്കളായി കമ്മിറ്റി അധ്യക്ഷന്റെ അനുമതിയോടെ ഉൾപ്പെടുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡിഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി /സെക്രട്ടറി ( ആഭ്യന്തരം , റവന്യൂ , ആരോഗ്യ കുടുംബക്ഷേമം, തദ്ദേശ സ്വയം ഭരണം , പട്ടികജാതി പട്ടികവർഗ വികസനം , കൃഷി , മൃഗസംരക്ഷണം എന്നീ വകുപ്പുകൾ )
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറെസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
ജില്ലാതല നിയന്ത്രണ സമിതി അംഗങ്ങൾ (ചീഫ് വൈൽഡ് ലൈഫ് വാർഡൻ മുഖേന).
ജില്ലാ കളക്ടർമാർ.
മെമ്പർ സെക്രട്ടറി, കേരളം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ബന്ധപ്പെട്ട ഡിവിഷണൽ ഫോറെസ്റ്റ് ഓഫീസർമാർ/വൈൽഡ് ലൈഫ് വാർഡൻ/അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Suja S K
Date: 26-04-2025 17:25:21
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രെട്ടറിയ്ക്ക്